**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **06-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് തരൂർ കല്ലേപ്പുള്ളി റൈസ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പാലക്കാട് തരൂർ മണ്ഡലത്തിലെ കല്ലേപ്പുള്ളി റൈസ് മില്ലിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | പാലക്കാട് തരൂർ മണ്ഡലത്തിലെ കല്ലേപ്പുള്ളി മോഡേൺ റൈസ് മില്ലിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത റൈസ് മിൽ വേഗത്തിൽ പൂർത്തീകരിക്കാത്തത് മൂലം നിർമ്മാണത്തിന് അധിക തുക ആവശ്യമായി വരുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി പൂർത്തീകരിക്കാനുണ്ടായ കാലതാമസം കാരണം അധിക തുക ആവശ്യമായി വരുമെന്ന് നിർമ്മാണ ചുമതലയുള്ള കെൽ അറിയിച്ചിട്ടുണ്ട്. |
| (സി) | 2022 ഡിസംബർ മാസം കല്ലേപ്പുള്ളി റൈസ് മിൽ ട്രയൽ റൺ നടത്താൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കല്ലേപ്പുള്ളി റൈസ്മില്ലിന്റെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ട്രയൽ റൺ നടത്താൻ 3-4 മാസം വേണ്ടി വരുമെന്ന് കണക്കാക്കുന്നു . |
| (ഡി) | റൈസ് മിൽ കാലതാമസം കൂടാതെ പ്രവർത്തന സജ്ജമാക്കുന്നതിന് കെൽപാം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | വിവിധഘട്ടങ്ങളിൽ കെൽപാമിലെ ഉദ്യോഗസ്ഥർ സ്ഥല സന്ദർശനം നടത്തി നിർമ്മാണ പുരോഗതി വിലയിരുത്തുകയും ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് കാലതാമസം പരമാവധി ഒഴിവാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ആവശ്യമായ അധിക തുക ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിയ്ക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ